ഉത്തരം

(എ) ഉണ്ട്.

(ബി & സി) മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 35/97 നമ്പരായി രജിസ്റ്റർ ചെയ്ത കേസ് അന്വേഷണം പൂർത്തിയാക്കി 17-6-1999 ന് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. കേസ് ഇപ്പോൾ വിചാരണയിലാണ്.

ദുരൂഹമരണം

86 (1020) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ നൂറനാട് പോലീസ് സ്റ്റേഷൻ പരിധിയിൽ ചെറുമുഖ സുമിത് ഭവനം പരമേശ്വരൻ പിള്ള ദുരൂഹസാഹചര്യത്തിൽ മരണ മടഞ്ഞതിനെക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ബന്ധുക്കൾ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഈ മരണത്തെക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് പരേതന്റെ സഹോദരൻ ഡി.ജി.പി.ക്ക് നൽകിയ പരാതിയെക്കുറിച്ച് അന്വേഷിച്ച ചെങ്ങന്നൂർ ഡി.വൈ.എസ്.പി. പരാതിക്കാരനെ അധിക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്മേൽ എന്തുനടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ മരണത്തെക്കുറിച്ച് ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് നൂറനാട് പോലീസ് സ്റ്റേഷനിൽ ക്രൈം 284/2000 നമ്പർ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നൂറനാട് സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരവെ കൂടുതൽ വിശദമായ അന്വേഷണത്തിനായി മാവേലിക്കര പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് കൈമാറിയിട്ടുള്ളതാണ്.

(സി) ഉണ്ട്.

(ഡി) പ്രസ്തുത പരാതി നേരിട്ടന്വേഷിക്കാൻ ആലപ്പുഴ എസ്.പി.ക്ക് നിർദ്ദേശം നൽകി.

(ഇ) മാവേലിക്കര പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly